# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗാന്ധി സ്മൃതിയിൽ രാഷ്ട്രം; രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 155 -ാം ജന്മ വാർഷികം രാജ്യമെങ്ങും വിപുലമായി ആഘോഷിച്ചു.,

   Rashtra in Gandhi Smriti; The 155th birth anniversary of Father of the Nation Mahatma Gandhi was celebrated in a grand manner all over the country

2. ഒരു ദശാബ്ദം പൂർത്തിയാക്കി സ്വച്ഛ് ഭാരത് അഭിയാൻ ; ശുചിത്വ ഇന്ത്യയെന്ന ലക്ഷ്യം കൈവരിക്കാൻ നിരന്തര പരിശ്രമം അനിവാര്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; പദ്ധതിയെ അഭിനന്ദിച്ച് ആഗോള സംഘടനകൾ.

   Swachh Bharat Abhiyan completes a decade; Prime Minister Narendra Modi said that continuous efforts are necessary to achieve the goal of clean India; Global organizations applauded the project.

3. എല്ലാ പ്രദേശങ്ങളുടെയും ജനവിഭാഗങ്ങളുടെയും ക്ഷേമമാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   Kerala Chief Minister Pinarayi Vijayan said that the government's goal is the welfare of all regions and people.

4. ഇസ്രായേലിലേക്കും ഇറാനിലേക്കുമുള്ള അനിവാര്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് വിദേശകാര്യ മന്ത്രാലയം; യു എൻ സെക്രട്ടറി ജനറലിന് ഇസ്രായേലിൽ പ്രവേശന വിലക്ക്.

   The Ministry of External Affairs advised Indian nationals to avoid all non-essential travel to Iran; Israel has announced that UN Secretary-General Antonio Guterres is prohibited from entering the country

5. വനിതാ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പിൻ്റെ ഒമ്പതാം പതിപ്പിന് നാളെ ഷാർജയിൽ തുടക്കം; ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി - ബംഗളൂരു പോരാട്ടം..

   The ninth edition of the Women's Twenty20 Cricket World Cup begins tomorrow in Sharjah; Mumbai City vs Bengaluru match in ISL football today.

# GANTDHI JAYANTHI

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 155-ാം ജന്മവാർഷികത്തിൽ സ്മരണാഞ്ജലികളർപ്പിച്ച് രാജ്യം. രാജ്ഘട്ടിലെ മഹാത്മാഗാന്ധി സമാധിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. സത്യം, അഹിംസ, സ്നേഹം, വിശുദ്ധി എന്നിവയുടെ മൂല്യവും മഹാത്മാഗാന്ധിയുടെ ആശയവും ഉൾക്കൊള്ളാൻ എല്ലാവരും ശ്രമിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ഗാന്ധി ജയന്തി സന്ദേശത്തിൽ പറഞ്ഞു. സത്യം, ഐക്യം, സമത്വം എന്നിവയിൽ അധിഷ്ഠിതമായ ബാപ്പുവിന്റെ ജീവിതവും ആദർശങ്ങളും എന്നും ജനങ്ങൾക്ക് പ്രചോദനമായി നിലകൊള്ളുമെന്ന് പ്രധാനമന്ത്രി സന്ദേശത്തിൽ കുറിച്ചു. രാജ്യത്തുടനീളവും വിദേശത്തും വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നിരവധി പരിപാടികളും നടന്നു. മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ 120-ാം ജന്മവാർഷികവും രാജ്യമിന്ന് സമുചിതമായി ആചരിച്ചു. ലാൽ ബഹാദൂർ ശാസ്ത്രിയുടെ സമാധി സ്ഥലമായ വിജയ് ഘട്ടിലും നേതാക്കൾ പുഷ്പാർച്ചന നടത്തി.

# PM - SWACHHATA

സമ്പൂർണ്ണ ശുചിത്വത്തിനുള്ള പരിശ്രമത്തിൻറെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമായാണ് സ്വച്ഛ് ഭാരത് അഭിയാൻ 10 വർഷം പൂർത്തിയാക്കിയതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ശുചിത്വ ഇന്ത്യയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് നിരന്തര പരിശ്രമം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ സ്വച്ഛ് ഭാരത് ദിവസ് 2024 പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. 140 കോടി ഇന്ത്യക്കാരുടെ ആവേശപൂർവമായ പരിശ്രമമാണ് സ്വച്ഛത ദൗത്യത്തിനെ പൊതുജനപങ്കാളിത്തതോടെയുള്ള പദ്ധതിയാക്കി മാറ്റിയതെന്നും ശ്രീ മോദി പറഞ്ഞു.

**(ഹോൾഡ് വോയ്സ് പി എം)**

രാജ്യത്ത് ശുചിത്വം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട്, 9600 കോടി രൂപയുടെ വിവിധ പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു. AMRUT, AMRUT 2.0, ഗംഗാ ശുചീകരണം ലക്ഷ്യമിട്ടുള്ള ദേശീയ ദൗത്യം, ഗോബർധൻ

പദ്ധതിക്ക് കീഴിലുള്ള 15 ബയോഗ്യാസ് പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

## WHO -SWACH BHARAT MISSION

സ്വച്ഛ് ഭാരത് ദൗത്യത്തെ അഭിനന്ദിച്ച് ലോകാരോഗ്യ സംഘടനയുൾപ്പെടെ ആഗോള സംഘടനകൾ. വൃത്തിയുള്ളതും ആരോഗ്യകരവുമായ ഒരു രാഷ്ട്രത്തിന്റെ നിർമാണത്തിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ശുചിത്വ ഭാരത ദൗത്യം സഹായകര മായെന്ന് ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ടെഡ്രോസ് അധനം ഗെബ്രിയേസസ് സമൂഹ മാധ്യമത്തിൽ കുറിച്ചു. ശുചിത്വ ഭാരത യജ്ഞം, ഇന്ത്യയിൽ വലിയ പരിവർത്തനം സൃഷ്ടിച്ചുകൊണ്ട്, ശ്രദ്ധേയമായ നാഴികക്കല്ലിലെത്തിയതായി ലോക ബാങ്ക് പ്രസിഡൻറ് അജയ് ബംഗ അഭിപ്രായപ്പെട്ടു. ഏഷ്യൻ വികസന ബാങ്ക് പ്രസിഡണ്ടും ശുചിത്വ ഭാരത ദൗത്യത്തെ അഭിനന്ദിച്ചു കൊണ്ട് പ്രധാനമന്ത്രിയ്ക്ക് സന്ദേശം അയച്ചു.

## FUR. REV. SWACHHATA HI SEVA - DELHI

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മവാർഷിക ദിനത്തിൽ ന്യൂഡൽഹിയിലുടനീളം സ്വച്ഛതാ അഭിയാനിൽ പങ്കെടുത്ത് കേന്ദ്രമന്ത്രിമാരും വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ശുചിത്വം മഹാത്മാഗാന്ധിയുടെ പ്രധാനപ്പെട്ട ആഹ്വാനമായിരുന്നു എന്ന് ബിജെപി ദേശീയ അധ്യക്ഷനും കേന്ദ്ര ആരോഗ്യമന്ത്രിയുമായ ജെ പി നഡ്ഡ മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് കൃഷിഭവനിൽ നടന്ന ശ്രമദാനത്തിൽ പങ്കെടുത്തു. കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് നെഹ്റു പാർക്കിൽ നടന്ന "സ്വച്ഛത ഹി സേവ" പരിപാടിയിൽ പങ്കെടുത്തു. സ്വച്ഛതാ അഭിയാനോടനുബന്ധിച്ച് സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും വിപുലമായ പരിപാടികൾ നടന്നു.

## EVE. PM-JHARKHAND

ജാർഖണ്ഡിലെ ഹസാരിബാഗിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 83,300 കോടി രൂപയുടെ വിവിധ പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിച്ചു. ഇതിൽ 79,150 കോടി രൂപ വകയിരുത്തിയിട്ടുള്ള ധർത്തി ആഭാ ജൻ ജാതീയ ഗ്രാം ഉത്കർഷ് അഭിയാനും, പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ

മഹാ അഭിയാനു കീഴിലുള്ള വിവിധ പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിച്ചു. കൂടാതെ 40 ഏകലവ്യ സ്കൂളുകൾ ഉദ്ഘാടനം ചെയ്യുകയും 25 എണ്ണത്തിന് തറക്കല്ലിടുകയും ചെയ്തു. 5 കോടിയിലധികം ഗോത്രവർഗ ക്കാർക്ക് ഈ പദ്ധതികളുടെ പ്രയോജനം ലഭിക്കും.

(ഹോൾഡ് വോയ്സ് പി എം)

രാജ്യത്തെ ആദിവാസി സമൂഹത്തെ ശാക്തീകരിക്കാതെ വികസിത ഇന്ത്യ എന്ന സ്വപ്നം സാക്ഷാത്കരിക്കാനാവില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു.

## YOUTH AFFAIRS-FIT RUN

മഹാത്മാഗാന്ധിയുടെ 155-ാം ജന്മവാർഷികത്തോടനുബന്ധിച്ച്, യുവജനകാര്യ, കായിക മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ രാജ്യ വ്യാപകമായി FIT ഇന്ത്യ സ്വച്ഛതാ ഫ്രീഡം റണ്ണിന്റെ അഞ്ചാമത് പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും റൺ നടക്കും. സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ 31 ന് യൂണിറ്റി റൺ സംഘടിപ്പിക്കും. ആരോഗ്യകരമായ ജീവിതശൈലിക്ക് വേണ്ടിയുള്ള അവബോധമാണ് ലക്ഷ്യമിടുന്നത്.

## HARYANA ELECTION

ഹരിയാനയിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം അവസാന ഘട്ടത്തിൽ. പരസ്യ പ്രചാരണം അവസാനിക്കാൻ ഒരു ദിവസം ബാക്കിയിരിക്കെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ താര പ്രചാരകർ പ്രചാരണത്തിനെത്തി. ബി ജെ പി ക്ക് വേണ്ടി പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്നാഥ് സിംഗ് കോൺഗ്രസിനായി രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി തുടങ്ങിയവർ പ്രചാരണത്തിൽ സജീവമാണ്. 90 നിയമസഭാ സീറ്റുകളിലേക്കുള്ള വോട്ടെടുപ്പ് ഈ മാസം അഞ്ചിന് നടക്കും. ഈ മാസം എട്ടിനാണ് ജമ്മു കശ്മീരിലെയും ഹരിയാനയിലെയും വോട്ടെണ്ണൽ.

## BPCL KOCHI -PM

കൊച്ചിയിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് - ബിപിസിഎൽ നിർമിക്കുന്ന കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാൻ്റിൻ്റെ തറക്കല്ലിടൽ ചടങ്ങ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വിർച്വൽ ആയി

നിർവഹിച്ചു. ബ്രഹ്മപുരം മാലിന്യ സംഭരണ കേന്ദ്രത്തിലെ മലിനീകരണ പ്രശ്നവും അടിക്കടിയുള്ള തീപിടുത്തവും ലഘൂകരിക്കാനാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

❀❀❀❀❀❀❀❀❀❀❀

## CM - KERALA

വികസന - ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ഉപകരിക്കണം എന്ന ചിന്തയാണ് സംസ്ഥാന സർക്കാരിനെ നയിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അത്തരം പ്രവർത്തനങ്ങളെ ദുർബലപ്പെടുത്താൻ എന്തൊക്കെ ശ്രമങ്ങളുണ്ടായാലും സർക്കാർ പിന്നോട്ടുപോകില്ല എന്നും മുഖ്യമന്ത്രി പറഞ്ഞു. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

❀❀❀❀❀❀❀❀❀❀❀

## ISRAEL-BAN-UN SECY. GEN.

യുഎൻ സെക്രട്ടറി ജനറൽ അൻ്റോണിയോ ഗുട്ടെറസിനെ രാജ്യത്ത് പ്രവേശിക്കുന്നത്തിൽ നിന്ന് വിലക്കിയതായി ഇസ്രായേൽ വിദേശകാര്യ മന്ത്രി ഇസ്രായേൽ കാറ്റ്സ് പ്രഖ്യാപിച്ചു. ഇസ്രായേലും ഇറാനും തമ്മിലുള്ള സംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണ് തീരുമാനം.
ഇറാൻ, ഇസ്രയേലിനെ ആക്രമിച്ചതിനെ യുഎൻ സെക്രട്ടറി ജനറൽ അപലപിക്കാത്തതാണ് വിലക്കിന് കാരണം. ഇസ്രായേലിൻറെ ശത്രുക്കളെ യു. എൻ പിന്തുണയ്ക്കുന്നുവെന്ന് ഇസ്രായേൽ ആരോപിച്ചു. സംഘർഷങ്ങൾ ഒഴിവാക്കുന്നതിനുള്ള അന്താരാഷ്ട്ര നയതന്ത്ര ശ്രമങ്ങൾക്ക് തിരിച്ചടിയാണ് ഇസ്രായേലിൻ്റെ നീക്കം.

❀❀❀❀❀❀❀❀❀❀❀

## EMBASSY OF INDIA

ഇസ്രായേലിലെ ഇന്ത്യൻ പൗരന്മാരോട് ജാഗ്രത പാലിക്കാനും അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കാനും ടെൽ അവീവിലെ ഇന്ത്യൻ എംബസി നിർദ്ദേശിച്ചു. എല്ലാവരും സുരക്ഷാ സ്ഥാനങ്ങളിൽ തുടരണം. പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കാൻ ഇസ്രായേൽ അധികൃതരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും അടിയന്തിര സാഹചര്യങ്ങളിൽ, എംബസിയുടെ +972 - 54 75 20 711, +972 - 54 32 78 392, എന്നീ നമ്പറുകളിൽ ബന്ധപ്പെടണമെന്നും എംബസി വൃത്തങ്ങൾ പറഞ്ഞു.

❀❀❀❀❀❀❀❀❀❀❀

## MEA-TRAVEL ADVISORY

ഇറാനിലേക്കുള്ള അനിവാര്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് വിദേശകാര്യ മന്ത്രാലയ ത്തിൻറെ നിർദ്ദേശം. നിലവിൽ ഇറാനിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കാനും ടെഹ്റാനിലെ ഇന്ത്യൻ എംബസിയുമായി സമ്പർക്കം പുലർത്താനും മന്ത്രാലയം അഭ്യർത്ഥിച്ചു.

## OIL PRICES SURGED

ഇസ്രയേൽ - ഇറാൻ ആക്രമണത്തിൻറെ പശ്ചാത്തലത്തിൽ, ആഗോള വിപണിയിൽ അസംസ്കൃത എണ്ണ വിലയിൽ 3 ശതമാനം വർധന.

ലോകത്തെ ഏഴാമത്തെ ഏറ്റവും വലിയ എണ്ണ ഉൽപ്പാദക രാജ്യ മാണ് ഇറാൻ.

## ICC WOMEN T20 WORLD CUP

ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൻ്റെ ഒമ്പതാം പതിപ്പിന് നാളെ ഷാർജയിൽ തുടക്കമാകും. ഈ മാസം 20 വരെ നടക്കുന്ന മത്സരങ്ങളിൽ പത്ത് ടീമുകളാണ് മാറ്റുരയ്ക്കുന്നത്. മറ്റെന്നാൾ ന്യൂസിലൻഡിനെ തിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

## ISL FOOTBALL

ഐഎസ്എൽ ഫുട്ബോളിൽ മുംബൈ സിറ്റി എഫ് സി അൽപസമയത്തിനകം ബംഗളൂരു എഫ് സിയുമായി ഏറ്റുമുട്ടും. മുംബൈ ഫുട്ബോൾ അരീനയിലാണ് മത്സരം.

## KHO KHO- WORLD CUP

2025-ലെ ഖോ ഖോ ലോകകപ്പ് ഇന്ത്യയിൽ നടക്കുമെന്ന് ഖോ ഖോ ഫെഡറേഷൻ ഓഫ് ഇന്ത്യയും ഇന്റർനാഷണൽ ഖോ ഖോ ഫെഡറേഷനും പ്രഖ്യാപിച്ചു. 6 ഭൂഖണ്ഡങ്ങളിൽ നിന്നുള്ള 24 രാജ്യങ്ങളുടെ പങ്കാളിത്തത്തിന് സാക്ഷ്യം വഹിക്കുന്ന ചാപ്യൻഷിപ്പിൽ 16 പുരുഷ-വനിതാ ടീമുകൾ പങ്കെടുക്കും.